# മഹാത്മഗാന്ധി ദേശീയഗ്രമീണ തൊഴിലുറപ്പ് പദ്ധതി

## മഹാത്മഗാന്ധി ദേശിയഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

**സേഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

**01.10.2018-31.03.2019**

**വാർഡ് (21) ഒറ്റതെങ്ങ്**

**കക്കോടി ഗ്രാമപഞ്ചായത്ത്**

**ചേളന്നൂർ ബ്ലോക്ക്**

**കോഴിക്കോട് ജില്ല**

ഗ്രാമസഭ തിയ്യതി - 18-10-2019

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപം കൊണ്ടിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീൺ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴില് നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളനിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യന് പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്ത് 23ാംതിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നല്ധകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലാഴ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന് വേതനം 15 ദിവസത്തിലധികം വൈകിയാല് വൈകുന്ന ഓരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലാഴ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നാണ് തൊഴിലുരപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2ാം തിയ്യി ഈ നിയമം നിലനിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തില് വയനാടും പാലക്കാടും ഈ ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1 ന് ഇന്ത്യയിലെ ബാക്കി മുഴുവന് ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാണീണ മേഖലയിൽ

ദാരിദ്ര്യ ലഘൂകരണത്തിൽ നിർണ്ണായക വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 2ാം തിയ്യതികേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മഗാന്ധി ദേശീയ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

## കക്കോടി ഗ്രാമപഞ്ചായത്ത്

ചേളന്നൂർ ബ്ലോക്കിൽ ഉൾപ്പെടുന്ന കക്കോടി ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ,ജെ.ബി.ഡി.ഒ. അക്രഡിറ്റഡ് എൻജിനിയർ, അക്കൗണ്ടന്റ് ആന്റ് ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്കുവേണ്ടി നൽകുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ 76578 തൊഴിൽ ദിനങ്ങൾ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് സൃഷ്ടിച്ചിട്ടിക്കുകയും,450 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കക്കോടി ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | 20.1 ചതുരശ്ര കിലോമീറ്റർ |
| ജില്ല പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | ചേളന്നൂർ |
| താലൂക്ക് | കോഴിക്കോട് |
| ഉൾപ്പെടുന്ന വാർഡുകൾ | 21 |
| തൊഴിൽ കാർഡുടമകൾ | 3910 |
| സജീവ തൊഴിലാളികൾ | 836 |
| നിഷ്ക്രിയ തൊഴിലാളികൾ | 3074 |

## മുഖ്യ ലക്ഷ്യങ്ങൾ

- അവിദഗ്ദ്ധ- കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മ ഉള്ളതുമ സ്ഥായിയായിട്ടുള്ളതും ഉത്പാദന ക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം.
- ദ്രരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ല കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാധിഷ്ടിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളിളാകാനും അവസരം.
- ആസൂത്രണത്തിലും, നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കോഴിക്കോട് ജില്ല ചേളന്നൂർ ബ്ലോക്ക് റിസ്സോഴ്സ് പേഴ്സ്സണാണ് കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കക്കോടി ഗ്രാമപഞ്ചായത്ത് വാർഡ് 21 (ഒറ്റത്തെങ്ങ്) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടതതിയത്.

## <u>ആദ്യഘട്ടം</u>

പഞ്ചായത്ത് സെക്രട്ടറി,പ്രസിണ്ട്, വാർഡ് മെമ്പർ. എൻ. ആർ.ഇ.ജി.എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് ചേളന്നൂർ ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺ വാർഡ് ഒന്നിൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവൃത്തനങ്ങളെക്കുറുച്ചുള്ള ചർച്ച.

## <u>രണ്ടാം ഘട്ടം</u>

2018 ഒക്ടോബർ മാസം ഒന്നാം തിയ്യതി മുതൽ 2019 മാർച്ച് മാസം 31ാം തിയ്യതി വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്റർ, എം.ഐ.എസ് എന്നിവ പരിശോധിക്കൽ.

## <u>മൂന്നാം ഘട്ടം</u>

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ.

## <u>നാലാം ഘട്ടം</u>

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവതൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

## <u>അഞ്ചാം ഘട്ടം</u>

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കെമെന്നും ഗ്രാപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്. പദ്ധതിയുടെ സുതാര്യതയും ഗുണമേന്മയും ഉറപ്പ് വരുത്താൻ സോഷ്യൽ ഓഡിറ്റ് അനിവാര്യമാണ്.

## തൊഴിലാളികൾക്ക് 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു.

1. <u>കാർഡ് ലഭിക്കാനുള്ള അവകാശം തൊഴിൽ</u> (ഷെഡ്യൂൾ 2, ഖണ്ഡിക 1 -5,എ.എം.സി അദ്ധ്യായം-3)

ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമുള്ള അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാറായിട്ടുള്ള ആളുകൾ ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുക. ഒരു കുടുംബത്തിൽ തൊഴിൽ ആവശ്യമുള്ളവരുടെ മുഴുവൻ പേരു വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഇതിനായി അപേക്ഷ നൽകേണ്ടത്. അപേക്ഷയിടെ പൂർണ്ണ വിലാസം, വയസ്സ്, വാർഡു നമ്പർ, റേഷൻ കാർഡ് നമ്പർ, ആധാർ കാർഡ് നമ്പർ എന്നിവ ചേർത്തിരിക്കണം. അപേക്ഷർക്ക് പ്രാഥമികാന്വേഷണത്തിനു ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൊഴിൽ കാർഡ് അനുവദിച്ചു നൽകും. അപേക്ഷ നൽകിയാൽ പതിഞ്ചു ദിവസത്തിനകം തൊഴിൽ കാർഡ് നൽകണം. ഒരു കുടുംബത്തിന് ഒരു തൊഴിൽ കാർഡ് മാത്രമാണ് ലഭിക്കുക. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും വിവരഹ്ങളും ഫോട്ടോയും കാർഡിൽ ഉണ്ടായിരിക്കണം. ഒന്നിലധികം തൊഴിൽ കാർഡുകൾ ഒരാൾക്കുണ്ടാവുന്നത് ക്രിമിനൽ കുറ്റമാണ്. എന്നാൽ മാതാരിതാക്കളെയോ സഹോദരങ്ങളെയോ മക്കളെയോ ആശ്രയിച്ചു കഴിയേണ്ടി വരുന്ന വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അഗതികൾ എന്നിവർക്ക് പ്രത്യേകം തൊഴിൽ കാർഡ് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാങ്ങളുടെയും പാസ്സപോർട്ട് വലിഷത്തിലുള്ള ഫോട്ടോകൾ തൊഴിൽ കാർഡിൽ പതിച്ചിരിക്കണം. ഫോട്ടോ എടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വഹിക്കും. അഞ്ചുവർഷത്തേക്കാണ് ഒരു തൊഴില്ഡ കാർഡ് അനുവദിച്ചു നൽകുന്നത്. ഒരു കുടുംബം ഒരു വർഷം ആവശ്യപ്പെട്ട തൊഴിൽ ദിനങ്ങൾ, അനുവദിച്ച തൊഴിൽ ദിനങ്ങൾ,ലഭിച്ച വേതനം,ഏറ്റെടുത്ത പ്രവൃത്തികളും മസ്റ്ററോൾ നമ്പറുകളും, ലഭിച്ച തൊഴിലില്ലാഴ്മ വേതനം, നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതത് സമയം എഴുതി ചേർക്കണം.

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ രസീത ്ലഭിക്കുന്നതിനുള്ള അവകാശവും.(ഷെഡ്യൂൾ 1,ഖണ്ഡിക 8,ഷെഡ്യൂൾ 2, ഖണ്ഡിക 6-13)

തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിൽ ആവസ്യം ഉള്ളപ്പോൾ പ്രത്യേകം അപക്ഷ നൽകണം.നിർദ്ദിഷ്ഠ ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ ആണ് അപേക്ഷ നൽകേണ്ടത്. വെള്ള കടലാസിലും അപേക്ഷ നൽകാവുന്നതാണ്. 2014ലെ പുതിയ നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽ ഫോൺ, ലാന്റ് ഫോൺ, ഇ-മെയിൽ എന്നീ മാധ്യമങ്ങൾ മുഖേനയും അപേക്ഷ നൽകാവുന്നതാണ്.ചുരുങ്ങിയത് രണ്ട് ആഴ്ച്ചത്തേക്കാണ് തൊഴിൽ ആവശ്യപ്പെടേണ്ടത്.തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രസീത് കൈപ്പറ്റിയിരിക്കണം. എന്നുമുതൽ എന്നുവരെയാണ് തൊഴിൽ ആവശ്യമുള്ളതെന്ന് അപേക്ഷയിൽ വ്യക്തമാക്കണം.അപേക്ഷിച്ച തിയ്യതി മുതൽക്കോ അപേക്ഷിച്ച ലഭിച്ച് പരമാവധി 15 ദിവസങ്ങൾക്കുള്ളിലോ തൊഴിൽ ലഭ്യമാക്കിയിരിക്കണം. പരമാവധി 100 ദിവസത്തെ തൊഴിലിനാണ് അപേക്ഷ നൽകേണ്ടത്. എന്നാൽ വനപ്രദേശത്തും വനാതൃത്തിയിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 150 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇപ്പോൾ അനുവാദം ലഭിച്ചിട്ടുണ്ട്.

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

(ആദ്യത്തെ 30 ദിവസം കൂലിയുടെ 1/4 ഭാഗവും പിന്നീടുള്ള ദിവസങ്ങളിൽ 1/2 ഭാഗം) തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് തിയ്യതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ആവശ്യമാണ്.

തതൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ല എങ്കിൽ 16ാമത്തെ ദിവസം മുതൽ ആദ്യത്തെ 30 ദിവസം നിർദ്ദിഷ്ഠ വേതനത്തിന്റെ നാലിൽ ഒന്ന് കുറയാത്ത തുകയും പിന്നീടുള്ള ദിവസങ്ങളിൽ വേതനത്തിന്റെ പകുതിയിൽ കുറയാത്ത തുകയുമാണ് തൊഴിലില്ലായ്മ വേതനമായി ലഭിക്കുക. സംസ്ഥാന സർക്കാറാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടത്. എന്നാൽ പിന്നീട് ഈ തുക തൊഴിൽ അനുവദിക്കുന്നതിൽ വീഴ്ച്ച വരുത്തിയവരിൽ നിന്ന് ഈടാക്കണമെന്നാണ്

വ്യവസ്ഥ.തൊഴിൽ അനുവദിച്ചു നൽകിയ അന്നു മുതൽക്കോ 100 ദിവസത്തെ വേതനത്തിനു തുല്ല്യയമായ തുക തൊഴിലില്ലായ്മ വേതനമായി ലഭിക്കുന്ന ദിവസമോ തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹത നഷ്ട്മാകും. വേതനമായും തൊഴിലില്ലായ്മ വേതനമായും ഒരാൾക്ക് പരമാവധി 100 ദിവസത്തെ വേതനത്തിനുതുല്ല്യമായ തുകയെ ലഭിക്കുകയുള്ളു.

## 4. ഷെൽ ഓഫ് പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള അവകാശം

ഒരു ഗ്രാമത്തിന്റെ ഷെൽ ഓഫ് പ്രോജക്ട് എന്നു പറയുന്നത് എസ്റ്റിമേറ്റ് അടക്കമുള്ള പ്രോജക്ടിന്റെ വിശദവിവരങ്ങൾ ആണ്.ഇതു നടപ്പു സാമ്പത്തിക വർഷത്തിന് തലേ വർഷം ഫെബ്രുവരി മാസത്തോടെ പൂർത്തീകരിച്ചിരിക്കണം. ഒരു ഗ്രാമപഞ്ചായത്തിന്റെ അംഗീകരിക്കപ്പെട്ട ലേബർബഡ്ജറ്റിന്റെ ഇരട്ടിയിലധികം തുകയ്ക്കുള്ള പ്രവൃത്തികളാണ് ഷെൽ ഓഫ് പ്രോജക്ടിൽ ഉണ്ടാവുക. ഇതിൽ ഏത് പ്രവൃത്തി വേണമെങ്കിലും കാർഷിക കലണ്ടർ, തൊഴിലാവശ്യപ്പെട്ടവരുടെ എണ്ണം, പ്രവൃത്തി നടപ്പിലാക്കാനുള്ള കാലയളവിടെ കാലാവസ്ഥ എന്നതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാം.

## 5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം(അല്ലെങ്കിൽ വേതനത്തിന്റെ 10 ശതമാനം അധികം)

അപേക്ഷകരുടെ താമസസ്ഥലത്തുനിന്ന് 5 കി.മീ.ദൂരപരിധിക്കുള്ളിൽ തൊഴിൽ നൽകുന്നതിന് മുൻഗണന നൽകണം. 5 കി.മീ. ദുരപരിധിക്കുള്ളിൽ ആണ് തൊഴിൽ നൽകുന്നതെങ്കിൽ 10 ശതമാനം അധികം വേതനത്തിന് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

## 6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം(ഷെഡ്യൂൾ 2,ഖണ്ഡിക 23-28)

തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ

- തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം നൽകുക
- പ്രഥമശുശ്രൂഷ കിറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
- ഭക്ഷണം കഴിക്കുന്നതിനും ഉച്ചക്ക 1 മണിക്കൂർ വിശ്രമിക്കുന്നതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണൽ ഒരുക്കുക.

- അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടിതളുടെ എണ്ണം അഞ്ചില് കുടുതൽ ആണെങ്കിൽ അവരെ പരിപാലിക്കുക.

## 7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

പദ്ധതിയുടെ വേതനം ബാങ്ക് പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ അക്കൗണ്ടിലൂടെയാണ് നൽകുന്നത്. ഓരോ തഴിലാളിക്കും പ്രത്യേക അക്കൗണ്ട് വേണം. ഓരോ തൊഴിലാളികളുടെയും വേതനം അരവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഇങ്ങനെ നിഷ്കർഷിച്ചിട്ടുള്ളത്. സ്ത്രീ തൊഴിലാളികളുടെ വേതനതിന് മേലുള്ള അവകാശം അവർക്കുന്നെ ആയിരിക്കണമെന്ന ഒരു ലക്ഷ്യവും ഈ വ്യവസ്ഥ്ക് പിന്നിലുണ്ട്. തൊഴിലാളികലുടെ ആധാർ നമ്പർകൂടി തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയാൽ ആൾമാറാട്ടം, ഇരട്ടിപ്പ് എന്നിവ മുഖേനയുള്ള പ്രശ്നങ്ങൾക്കുടി ഒഴിവാക്കുവാന് സാധ്യമാകും.

## 8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവീനുള്ള അവകാശം

മസ്റ്ററോൾ അവസാനിച്ച് 15 ദിവസത്തിനകം വേതനം ലഭിച്ചിരിക്കണം. ഇങ്ങനെ ലഭിക്കാതെ വന്നാൽ പതിനാറാമത്തെ ദിവസം മുതൽ ലഭിക്കാനുള്ള വേതനത്തിന്റെ 0.05 ശതമാനം തുക ഓരോ ദിവസവും നഷ്ടപരിഹാരമായി ലഭിക്കുമെന്ന് 2014- ലെ പുതുക്കിയ ഷെഡ്യൂൾ 2ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ തുക തല്ഡകാലം സർക്കാർ വഹിക്കുമെന്നും പിന്നീട് വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കണമെന്നാണ് വ്യവസ്ഥ. മനപ്പൂർവ്വമോ അലംഭാവം മൂലമോ പാവപ്പെട്ട കൂലി തൊഴിലാളികളുടെ വേതനം മുടങ്ങുകയോ വൈകുകയോ ചെയ്യുന്നത് ഒഴിവാക്കുന്നതിനാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തേണ്ട ഓവർസ്സിയർ, മേലളവുകൾ എടുക്കേണ്ട അക്രഡിറ്റണ്ട് എൻജിനിയർ, ഡാറ്റ എൻട്രി നടത്തി വേജ് ലിസ്റ്റ് തയ്യാറാക്കേണ്ട ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഒപ്പിട്ട് അയക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട് എന്നിവർ നിർദ്ദിഷ്ഠ ദിവസങ്ങൾക്കുള്ളിൽ അവ നടത്തുന്നുവെന്നും പൂർത്തീകരിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

## 9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

തൊഴിലുറപ്പ് നിയമം സെക്ഷൻ 19 ഷെഡ്യൂൾ 2 പാര 35. കേന്ദ്രവാർഷിക സർക്കുലർ ചാപ്റ്റർ 104 എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിനുള്ള അവകാശം അനുശാസിക്കുന്നു. തൊഴിലുറപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖാപരമായോ, വാക്കാലോ, ഫോൺ മുഖാന്തരമോ നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കാവുന്നതാണ്.ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരാതിൻമേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയേക്കണ്ടതും നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

ഒരു പ്രവൃത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതൾ ഉണ്ടായിട്ടുണ്ടോ, പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തുനോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുച്ചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.

## തൊഴിലുറപ്പ്'' നിയമം തൊഴിലാളികൾക്ക് നൽകുന്ന പത്ത് അവകാശങ്ങൾ

## 1- തൊഴിൽകാർഡ് ലഭിക്കാനുള്ള അവകാശം

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട ’എന്നാൽതൊഴിൽക്കാർഡിലേക്ക്’ ആവശ്യമായ ഫോട്ടോ തൊഴിലാളികൾ തന്നെ സ്വന്തം ചെലവിൽ എടുക്കാറുള്ളതാണെന്ന്’ മനസ്സിലായി.

## 2- അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശവും ആയതിന്റെ കൈ പറ്റ് രസീത് ലഭിക്കാനുള്ള അവകാശവും.

തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറില്ലെന്നും ഗ്രൂപ്പായിട്ടാണ് നൽകാറുള്ളതെന്നുംഅറിയാൻ കഴിഞ്ഞു 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ടെന്നും അറിയാൻ സാധിച്ചു

### ***3- കൂലി നഷ്ടപരിഹാരങ്ങൾ***

തൊഴിലുറപ്പ് നിയമപ്രകാരം പ്രവൃത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം തൊഴിലാളികൾക്കു് പ്രവൃത്തി കഴിഞ്ഞ് 15 ദിവസത്തിനുശേഷമാണ് വേതനം ലഭിക്കാറുള്ളത് തൊഴിലാളികൾ പറഞ്ഞു

വേതനംവേഗത്തിൽ ലഭിക്കാനുള്ളനടപടികൾപഞ്ചായത്തിൽനിന്നും ഉണ്ടാവാറുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു

### ***4- തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ***

കുടിക്കാനുള്ള വെള്ളം, വിശ്രമസൗകര്യം, പ്രഥമശിശ്രൂഷ സൗകര്യം, ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭിക്കണമെന്ന് തൊഴിൽ നിയമംഅനുശാസിക്കുന്നു തൊഴിലാളികളുവമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ സൗകര്യങ്ങൾ ഒന്നുംതന്നെ ലഭിച്ചിരുന്നല്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു കുടിവെള്ളം അവർ തന്നെ
കൊണരികയാണെന്ന് മനസ്സിവാക്കാൻ സാധിച്ചു ഫസ്റ്റ് എയ്ഡ് ബോക്സിലെ മരുന്നുകൾ എല്ലാം തന്നെ മാറ്റ് സ്വന്തം ചെലവിൽ വാങ്ങാറാണ് പതിവെന്ന് അവർ പറഞ്ഞു

### ***5- ഷെൽ ഓഫ് വർക്ക് തയ്യാറാക്കാനുള്ള അവകാശം***

തൊഴിലാളികളുടെ പങ്കാളിത്തം ഷെൽ ഓഫ് വർക്കിൽ ഉണ്ടാകറില്ല

### ***6- 5 കി.മി. നുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം.***

5 കി മി ചുറ്റളവിനുള്ളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്

### ***7- സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം***

പരാതികൾ ഉണ്ടെങ്കിലും രേഖാമൂലം യാതൊരു പരാതികളും പഞ്ചായത്തിൽ കൊടുത്തിട്ടില്ല

### ***8- സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.***

സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം ജനങ്ങൾക്കുണ്ട്

## *പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ*

## പ്രവൃത്തി സംബത്തിച്ച വിവരങ്ങൾ

| | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ സ്ഥിതി | അടങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനങ്ങൾ | | ലഭിച്ച തൊഴിൽ ദിനങ്ങൾ | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|---|---|
| | | | | | അവിദഗ്ദ്ധ | വിദഗ്ദ്ധ/ അർദ്ധ വിദഗ്ദ്ധ | | | |
| 1 | 1604002002/IC/212990 | ഒറ്റത്തെങ്ങ് ബസാർ മുതൽ കമ്മിളിത്താഴം വരെ ചെറുകുളം ഫീൽഡ് ബോത്തി□ ശുചീകരണം | completed | 25092 | | | 67 | 18137 | |
| 2 | 1604002001/RC/255188 | എളവനത്താഴം, പാറക്കൽത്താഴം, ചേക്കാട്ക്കുന്ന് റോഡ് കോൺക്രീറ്റിംഗ | completed | 474446 | | | 122 | 37100+7650 | 352610 |
| 3 | 1604002002/IC/295158 | • കല്ല് കയ്യാല നിർമാണവും മണ്‍ വരമ്പ് നിർമാണവും | Completed | 495500 | 1776 | | 1054 | 285634 | |

1. **ഒറ്റത്തെങ്ങ് ബസാർ മുതൽ കമ്മിളിത്താഴം വരെ ചെറുകുളം ഫീൽഡ് ബോത്തി ശുചീകരണം**

വർക്ക് കോഡ് : 1604002002/IC/212990
29/01/2018 മുതൽ 11/02/2019 വരെ
മുടക്കുമുതൽ : 25,092 രൂപ

ഈ കാവയളവിൽ 67 പ്രവൃത്തി ദിനങ്ങളിൽ ആയി 15 തൊഴിലാളികൾ ജോലി ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. 'മൈക്രോ ഇറിഗേഷൻ ടൈപ്പ് വർക്ക് ആയതിനാൽ കനാലിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണ് എടുത്തുമാറ്റലും പാഴ്ച്ചെടികൾ വെട്ടിമാറ്റലും ആയിരുന്നുപ്രവൃത്തിപഞ്ചായത്ത് ഭരണാനുമതിയും സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ആണ് പ്രവൃത്തി നടന്നത്തൊഴിലാളികളുടെ വേതന ഇനത്തിൽ 18157 രൂപയും വർക്ക് സൈറ്റ് ബോർഡിനായി 3720 രൂപയും പണിയായുധ വാടക ഇനത്തിൽ 35 രൂപയും ചെലവായിഎഡിസ്വളന്റിയറിന്റെ സാനിധ്യത്തിൽ വാർഡ്
മെമ്പറുടെ അധ്യക്ഷതയിൽ പണിസ്ഥലത്തുവെച്ച് പ്രോജക്ട് മീറ്റിംഗ് ചേർന്നിരുന്നു.

2. **എളവനത്താഴം, പാറക്കൽത്താഴം, ചേക്കാട്ക്കുന്ന് റോഡ് കോൺക്രീറ്റിംഗ**

വർക്ക് കോഡ്: 1604002001/RC/255188

11/03/2019 മുതൽ 23/03/2019 വരെ

മുടക്കുമുതൽ : 412280 രൂപ

വിദഗ്തതൊഴിലാളികളും അവിദഗ്തതൊഴിലാളികളും നാട്ടുകാരും ചേർന്നാണ് റോഡുപണി പൂർത്തിയാക്കിയത്തൊഴിലുറപ്പ് തൊഴിലാളികൾ 4 ദിവസം ആണ് പണിയെടുത്തത്. സ്ത്രീകൾക്ക് 271 രൂപയും പുരുഷൻമാർക്ക് 600 രൂപയുമാണ് ദിവസവേതനം.

പണിയായുധ വാടക ഇനത്തിൽ 16800 രൂപയും വർക്ക് സൈറ്റ് ബോർഡിന് 3720 രൂപയും ചെലവായി

3. **കല്ല് കയ്യാല നിർമാണവും മണ് വരമ്പ് നിർമാണവും**

വർക്ക് കോഡ്: 1604002002/WC/295158

30/10/2018 മുതൽ 26/03/2019 വരെ

മുടക്കുമുതൽ: 293434 രൂപ

1054 തൊഴിൽ ദിനങ്ങളിൽ ആയി 91 ദിവസം കൊണ്ട്20 തൊഴിലാളികൾ ആണ് പ്രവൃത്തി പൂർത്തീകരിച്ചത് വേതനയിനത്തിൽ 285634 രൂപയും പണിയായുധ വാടക ഇനത്തിൽ 5270 രൂപയും വർക്ക് സൈറ്റ് ബോർഡിനായി 2530 രൂപയും ചെലവായി

## രജിസ്റ്റർ പരിശോധന

കേന്ദ്രസർക്കാറിന്റെ നിർദ്ദേശപ്രകാരം 7 രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

**1 - തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ**

**2- ഗ്രാമസഭ രജിസ്റ്റർ**

**3- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**

**4- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ**

**5- സ്ഥിര ആസ്തികളുടെ രജിസ്റ്റർ**

**6- പരാതി രജിസ്റ്റർ**

**7- സാധന രജിസ്റ്റർ**

2018-2019 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ എംഐഎസിൽ നിന്നും ശേഖരിച്ച് സുക്ഷിച്ചിട്ടുണ്ട്. തൊഴിലുറപ്പ് ഗ്രാമസഭക്ക് വേണ്ടി വാർഡിൽ രജിസ്റ്റർ സുക്ഷിച്ചിട്ടില്ല പരാതി രജിസ്റ്ററിൽ പ്രസ്തുത പ്രവർത്തികളെക്കുറിച്ചുള്ള പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കണാൻ സാധിച്ചില്ല

## *ഒരു വർക്ക് ഫയലിൽ 22 രേഖകൾ ഉണ്ടായിരിക്കേണ്ട 22 രേഖകൾ.*

1. കവർ പേജ്
2. ചെക്ക് ലിസ്റ്റ്
3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4. സങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സങ്കേതിക അനുമതിയുടെ കോപ്പി
5. ഭരണാനുമതിയുടെ കോപ്പി
6. സാങ്കേതിക അനുമതിയുടെ കോപ്പി
7. സംയോജിത പദ്ധതി വിശദാംശങ്ങൾ
8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10. പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി
11. മെഷർമെന്റ് ബുക്കിന്റെ കോപ്പി
12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റിവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.
13. വേജ് ലിസ്റ്റ്
14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും എഫ്.ടി.യോ യുടെയും കോപ്പി
15. മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16. റോയൽറ്റി അടച്ച രസീതിന്റെ കോപ്പി
17. തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോ
18. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി
19. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്
20. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസ്
21. സോഷ്യൽ ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ കോപ്പി
22. സൈറ്റ് ഡയറി

## *1- കവർ പേജ്*

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർ പേജ്.

പ്രവൃ**ത്തി**യുമായി ബ**ന്ധ**പ്പെട്ട **മൂന്ന്** ഫയവുകളു**ൽ ഒന്നിൽ**
പ്രാദേശികമോ **A.M.C** ഫോർമാറ്റിലുള്ളതോ ആയ കവ**ർ** പേജ്
കാണാ**ൻ** സാധി**ച്ചില്ല**.

## *2- ചെക്ക് ലിസ്റ്റ്*

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതെക്കെ രേഖകൾ എവിടെ/ഏത് പേജ് മുതൽ സൂക്ഷിച്ചിരിക്കുന്ന രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച 3 ഫയലുകളിലും ചെക്ക് ലിസ്റ്റ് കാണാൻ സധിച്ചില്ല.

## *3- ആക്ഷൻ പ്ലാനിനിന്റെ കോപ്പി*

പ്രസ്തുത പ്രവൃത്തി പഞ്ചായത്തിലെ നടപ്പു സാമ്പത്തിക വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാനിന്റെ കോപ്പി. ആക്ഷൻ പ്ലാനിന്റെ കോപ്പി ഒരു ഫയലിലും കാണാൻ സാധിച്ചില്ല. അത് ഫയലിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

## *4- ഭരണാനുമതി*

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി. പരിശോധിച്ച ഒരു ഫയലിൽ ഭരണാനുമതിയുടെ കോപ്പി കാണാൻ സാധിച്ചില്ല.

## *5- സാങ്കേതികാനുമതി ഫോറത്തിന്റെ കോപ്പി*

പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ദ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിന്റെ ആധികാരിക രേഖയാണ് സാങ്കേതികാനുമതി രേഖ.പരിശോധിച്ച എല്ലാ ഫയുകളും സാങ്കേതിക അനുമതി ലഭിച്ചവയാണ്.

6. <u>തൊഴിലിനുള്ള അപേക്ഷ</u>

പരിശോധിച്ച മൂന്ന് ഫയലുകളിലും തൊഴിലിനുള്ള അപേക്ഷ കാണാൻ സാധിച്ചില്ല. അപേക്ഷ ഫയലിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യം ആണ്.

7.<u>തൊഴിൽ അനുവദിച്ചതിന്റെ കോപ്പി</u>

തൊഴിലനിവദിച്ച കാര്യം തൊഴിലാളികളെ രേഖാമൂലംഅറിയിക്കണമെന്നാണ് വ്യവസ്ഥ.പ്രവൃത്തി അനുനദിച്ചുകെണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ. മൂന്ന് ഫയലുകളിലും തൊഴിൽ അനുവദിച്ചതിന്റെ കോപ്പി കണാൻ സാധിച്ചില്ല.

8. <u>മസ്റ്റർ റോൾ</u>

പ്രവൃത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പണി ആരംഭിക്കുന്നതിന് മുമ്പ്രാവിലെയും അവസാനിപ്പിച്ച ശേഷം വൈകുന്നേരവും മസ്റ്റർ റോളിൽ ഒപ്പ് വെക്കണം.പരിശോധിച്ച എല്ലാ ഫയലുകളിലും മസ്റ്റർ റോൾ കാണാൻ കഴിഞ്ഞു. മസ്റ്റർ റോളിൽ പ്രവൃത്തിയുടെ പേര് തിയ്യതി,സീൽ മാറ്റിന്റെ പേര് ഒപ്പ് എന്നിവ ഉണ്ടായിരുന്നു.

9. <u>മെഷർമെന്റ് ബുക്ക്</u>

പ്രവൃത്തി ചെയ്ത അളവ് രേഖപ്പെയുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാ ഫയലുകളിലും എം.ബുക്ക് കണാൻ സാധിച്ചു. ഫീൽഡ് സന്ദർശനത്തിൽ ലഭിച്ച വിവരങ്ങളും എം ബുക്കിലെ വിവരങ്ങളും ഏകദേശം തുല്ല്യമാണ്.കയ്യാല മൺ വരമ്പ് എന്നിവയുടെ മഴകാരണം നശിച്ചതിനാലും കാട് മൂടിയ അവസ്ഥയിലായതിനായാലും അളവുകൾ കൃത്യമായി അളക്കാൻ സാധിച്ചില്ല.

10. <u>മെറ്റീരിയൽ ബിൽ</u>

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാതിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ.പരിശോധിച്ച മൂന്ന് ഫയലുകളിൽ ഒരു പ്രവൃത്തിക്ക് ആണ് സാധനങ്ങൾ

ആവശ്യമായി വന്നത്.സാധനങ്ങൾ വാങ്ങിയ ബില്ലും അനുബന്ധ രേഖകളും ഫയലിൽ കാണാൻ സാധിച്ചു.

11. എഫ്. ടി.ഒ

പരിശോധിച്ച എല്ലാ ഫയലുകളിലും എഫ്.ടി.ഒ യുടെ കോപ്പി ഉണ്ടായിരുന്നു.

## 12. സാധന ഘടകം

## 13. റോയൽറ്റി

റോയൽറ്റി നൽകിയ പ്രവൃത്തിയാണോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖയാണ് റോയൽറ്റി രേഖ. പരിശോധിച്ച പ്രവത്തികളൊന്നും റോയൽറ്റി കൊടുക്കേണ്ട പ്രവൃത്തികളല്ല.

## 14. വേജ് ലിസ്റ്റ്

ഒരു മസ്റ്റർ റോളിന് അനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിക്കുവാനുള്ള ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്. കൃത്യ സമയത്ത് ഹാജർ എം.ഐ.സിൽ രേഖപ്പെടുത്തി വേജ് ലിസ്റ്റ് ആക്കുകയും എഫ്.ടി.യോ മുഖാന്തരം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തിക്കുന്നതിനും വേണ്ട കാര്യങ്ങൾ കൃത്യതയോടെ ചെയ്യുന്നതായി മനസ്സിലായി.വേജ് ലിസ്റ്റിന്റെ കോപ്പി ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

## 15. ഫോട്ടോസ്

പ്രവൃത്തനവുമായി ബന്ധപ്പെടുത്തിയെടുക്കേണ്ട മൂന്ന് ഫോട്ടോ പതിപ്പുകൾ അതായത് പ്രവൃത്തനത്തിന്റെ ആരംഭം, പ്രവൃത്തനം നടന്നുകെണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എന്നീ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോ ഫയലിൽ ഉണ്ടായിരിക്കണം.പരിശോധിച്ച ഫയലുകളിൽ റോഡ് കോൺക്രീറ്റിങ്ങിൽ മാത്രമാണ് ഫോട്ടോ കാണാൻ സാധിച്ചത്. ഫോട്ടോ ഫയലുകളിൽ സൂക്ഷിക്കേണ്ടത് അത്യാവശ്യം ആണ്.

16. <u>പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്</u>

പ്രവൃത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്. പരിശോധിച്ച മൂന്ന് ഫയലുകളിലും പ്രവൃത്തികരണ സർട്ടിഫിക്കറ്റ് കാണാൻ സാധിച്ചു.

17. <u>മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്</u>

ഒരു പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലെയും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്കു വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിൽ നടന്നുനെന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് .എല്ലാ ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

18. <u>ജിയോ ടാഗ് ഫോട്ടോസ്</u>

പ്രവൃത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോസ്. ജിയോ ടാഗ് ഫോട്ടോകൾ ഫയലിൽ കാണാൻ സാധിച്ചില്ല. ഫയലുകളിൽ അത് ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

19. <u>കൺവെർജൻസ്</u>

3 ഫയലുകളും കൺവെർജൻസ് ആവശ്യം ഇല്ലാത്ത പ്രവൃത്തികൾ ആയിരുന്നു.

20. <u>എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും</u>

വിശദമായ എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും നാല് ഫയലുകളിലും ഉണ്ടായിരുന്നു.

21. <u>സൈറ്റ് ഡയറി</u>

തൊഴിലുറപ്പ് പ്രവൃത്തി സ്ഥലത്ത് ആ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രവൃത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവൃത്തകരും സാധാരണക്കാരും അവരുടെനിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറിയിൽ ആണ്. പ്രൊജക്ട് മീറ്റിങ്ങിന്റെ മിനിറ്റസും ഹാജറും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു നൽകിയിരിക്കുന്ന സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ

നിർബന്ധമായും എഴുതിയിരിക്കണം.മേറ്റിന്റെ വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

പരിശോധിച്ച മൂന്ന് ഫയലുകളിൽ 2 ഫയലുകൾക്കുമാത്രമാണ് സൈറ്റ് ഡയറി കാണാൻ സാധിച്ചത്. ചെക്ക് ലിസ്റ്റ് പൂർണമായിരുന്നു. പ്രോജക്ട് മീറ്റിങ്ങ് നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.തൊഴിലാളികളുടെ സാക്ഷ്യപത്രം വി.എം.സി റിപ്പോർട്ട്, സന്ദർശക സാക്ഷ്യപത്രം, അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഒപ്പ് എന്നിവയും ഉണ്ടായിരുന്നു.

## 22. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

ഒരു പ്രവൃത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും, വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്.തൊഴിലുറപ്പ് പദ്ധതിയിൽ പണം ചിലവഴിച്ചത് ശരിയായ രീതിയിൽ ആണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹർതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതൾ ഉണ്ടായിട്ടുണ്ടോ, പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തുനോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ച് ചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.പ്രവൃത്തി സോഷ്യൽ ഓഡിറ്റിന് വിധേയമായോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറുമാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

ഒരു പ്രവൃത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കാനും, പദ്ധതി പ്രവൃത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അത്യാവശ്യമാണ്. തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22(4)ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ

10(6),11,7,13,എന്നിവയിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനെക്കുറിച്ച് പരാമർശിക്കുന്നു.പരിശോധിച്ച മൂന്ന് ഫയലുകളിൽ രണ്ട് പ്രവൃത്തികൾക്ക് മാത്രമാണ് ബോർഡ് കാണാൻ സാധിച്ചുള്ളു. കല്ല് കയ്യാല മൺവരമ്പ് നിർമ്മാണം (വർക്ക് കോഡ് 1604002002/**WC**/294808) എന്ന പ്രവൃത്തിയുടെ സൈറ്റ് ബോർഡ് കാണാൻ സാധിച്ചില്ല.

## നിരീഷണ പ്രശ്ന പരിഹാര സംവിധാനം

തൊഴിലുറപ്പിന്റെ അവകാശങ്ങലിൽ ഒന്നായി സമയബന്ധിതമായി പരാതി പരാഹാരത്തിനുള്ള അവകാശം നിലനിൽക്കെ തന്നെ പദ്ധതികൾ പലവിധത്തിൽ ഉണ്ടെങ്കിലും ഈ അവകാശത്തെ കുറിച്ച് തൊഴിലാളികൾക്ക് അവബോധം ഇല്ലാത്തതു കൊണ്ടും നാളിതുവരെ ഒരു പരാതിയും പഞ്ചായത്തിൽ രേഖാപരമായി സമർപ്പിച്ചിട്ടില്ല.സൈറ്റ് സന്ദർശിക്കുന്ന ഉദ്യോഗസ്ഥരുടെ അടുത്ത് പരാതി വാക്കാൽ പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്.പരാതി പരിഹാരത്തിന് 1800425436 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## നിർദ്ദേശങ്ങൾ

## ഉദ്യോഗസ്ഥരോട്

- പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ ൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കഖിന്റെ ഇക്കാര്യത്തിലുള്ള മാർഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.
- ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക.
- മാസ്റ്ററോൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തിയ്യതിയോടുകൂടിയ ഒപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.
- ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി, ഷെൽ ഓഫ് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുമ്പോൾ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെയും പ്രാദേശിക വിദഗ്ദ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

- തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥക്കനുസരിച്ച് തൊഴിൽ നൽകുക
- പ്രവൃത്തി സ്ഥലങ്ങളിൽ കുടി വെള്ളം, തണൽ, പ്രാഥമിക ചികിത്സാസൗകര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക.
- എസ്റ്റിമേറ്റിന് അനുസൃതമായി പ്രവൃത്തി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഗ്രാമപഞ്ചായത്തിനോട്</u>

- കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ, സോഷ്യൽഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക
- കൂടുതൽ പദ്ധതികളും മഴക്കുഴികളും മണ്ണ് കയ്യാലയും ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തിയുണ്ടാക്കുന്ന പ്രവൃത്തികൾ തിരഞ്ഞെടുക്കുക
- കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിനു കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ച് സംയോജിത പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.
- വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമ്മിച്ചു നൽകുക.
- ദേശീയ ഉപജീവന മിഷന്റെ സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുക.

## <u>തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ</u>

1) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

1.1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മൺതടയണകൾ,ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും സഹായകമായ നിർമ്മിതികൾ

1.2. ഒരു നീർത്തട സമഗ്രപരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ ആയ കോണ്ടൂർ ട്രഞ്ചുകൾ, തട്ടുതിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കൽതടയണകൾ,ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർതട പരിപാലന പ്രവൃത്തികൾ.

1.3. സൂക്ഷ്മ- ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാലുകൾ എന്നിവയുടെ നിർമാണം, പുനരുദ്ധാരണം, മെയ്ന്റനനസ് എന്നീ പ്രവൃത്തികളും
1.4. ജലസേജന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും.
1.5. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയുലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ച് പിടിപ്പിക്കലും വനവത്കരണവും(ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിനന്റെ അവകാശം ഖണ്ഡിക  ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.)
1.6. പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികളും

<u>വിഭാഗം ബി. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)</u>

1.1. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് **Schedule Caste,Schduled Tribe, Nomadic Tribe, De-Notified Tribe** ദാരിദ്രരേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരആവാസ് യോജന ഗുണഭോക്താക്കൾ,വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ, മുകളിൽ പറഞ്ഞിരിക്കുന്ന  പ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർ,ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിതപ്പിക്കുന്നതിനായി ഭൂവികസനവും,കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ
1.2. പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ
1.3. ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ

1.4. ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമാണ്ണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം

1.5. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിന് കൂട്, പട്ടിക്കൂട്, തൊഴുത്ത്, പുല്തൊട്ടി എന്നിവയുടെ നിർമാണം.

1.6. മത്സ്യബന്ധന പ്രവൃത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമിക്കലും വർഷക്കാലത്ത് മാത്രം വെള്ളമുള്ള പൊതുകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കലും

## വിഭാഗം സി- ദേശിയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ

1.1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണസൗകര്യം ഉൾപ്പടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ, ജൈവവളം എന്നിവയ്ക്ക് ആവിശ്യാമയ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,

1.2. സ്വയം സഹായസംഗങ്ങളുടെ ഉപജീവന പ്രവൃത്തനങ്ങക്കാവശ്യമായ പൊതു വർക്ക ഷെഡ്ഡുകളുടെ നിർമാണവും.

## വിഭാഗം ഡി- ഗ്രാമീണ അടിസ്താന സൗകര്യങ്ങൾ

1.1. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര നുസർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്ക്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

1.2. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ, കലുങ്കകൾ എന്നിവ ഉൾപ്പടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയുംവീഥികളുടെയും നിർമാണവും

1.3. കളി സ്ഥലങ്ങളുടെ നിർമാണവും

1.4. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവത്തികൾ, ണഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയ്നുകൾ എന്നിവ ഉൾപ്പടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടത്തുന്നതിനുള്ള പ്രവൃത്തികളും

1.5. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമണീ ചന്തകൾ എന്നിവകാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്കിലെ ക്രിമറ്റോറിയങ്ങളുടെ നിർമ്മാണവും

1.6. ദേശിയ ഭക്ഷ്യ സുരകഷ നിയമം 2013 (20/2013 വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ-ധാന്യ സംഭരണികളുടെ നിർമ്മാണവും

1.7. മഹാത്മഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രാകരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉത്പാദനവും

1.8. മഹാത്മഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രാകരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റ പണികളും

1.9. ഇത് സംബന്ധിച്ച് സംസ്ഥാനസർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കാർ വിഞ്ജാപനം ചെയ്യുന്ന മറ്റേതൊരു പ്രവൃത്തിയും.

## പ്രസ്തുത വാർഡിൽ സാധ്യമായ പ്രവൃത്തികൾ

1. ജൈവവേലി നിർമ്മാണം

2.തീറ്റ പുൽ കൃഷി

3.തൊഴുത്ത് നിർമ്മാണം

## *ഗ്രാമസഭ മിനുറ്റ്സ്*

**18 /10/ 2019 വെള്ളിയാഴ്ച ചേളന്നൂർ ബ്ലോക്കിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ ഇരുപത്തിയൊന്നാം വാർഡിലെ ഗ്രാമസഭ ചാലിയക്കര സേവ്ഗ്രാമകേന്ദ്രത്തിൽ വച്ച് 2 .30ന് മണിക്കൂന്നെ ആരംഭിച്ചു. ഇരുപത്തിയൊന്നാം വാർഡ്മെമ്പർ സജീവൻ ചിംന (D.R.P), വി ആർ പി കൾ തൊഴിലുറപ്പ് വിഭാഗം അക്രെഡിറ്റഡ്എഞ്ചിനീയർ അജിത അക്രഡിറ്റഡ്ഡാറ്റാഎൻട്രിഓപ്പറേറ്റർ പ്രഭാവതി, വിഎംസിഅംഗംഅബൂബക്കർ , 20 തൊഴിലുറപ്പ്തൊഴിലാളികൾ രണ്ട്ഭൂവുടമകൾ എന്നിവർ അടങ്ങിയഗ്രാമസഭആയിരുന്നുനടന്നത്. വാർഡ്മെമ്പർ സജീവൻ സ്വാഗതംപറഞ്ഞുകൊണ്ട്സോഷ്യൽ ഓഡിറ്റ്ഗ്രാമസഭയ്ക്ക്തുടക്കംകുറിച്ചു. അധ്യക്ഷസ്ഥാനത്തേക്ക്തൊഴിലാളികളുടെഅഭിപ്രായപ്രകാരംതൊഴിലാളിയും ആശാവർക്കർ ഉംആയശ്യാമളചേച്ചിവന്നു. വി ആർ പി ദിവ്യ ഭരണഘടന പ്രതിജ്ഞചൊല്ലി.DRP ചിംന സോഷ്യൽ ഓഡിറ്റ്ഗ്രാമസഭയുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു. വി ആർ പി വിശദമായിപറഞ്ഞുകൊടുത്തു. വി.ആർ.പി മസ്റ്റ ഇരുപത്തിഒന്നാം വാർഡിലെ പ്രവർത്തികളെ കുറിച്ച്തയ്യാറാക്കിയ കരട്റിപ്പോർട്ട് അവതരിപ്പിച്ചു.**

## സോഷ്യൽ ഓഡിറ്റ്ഗ്രാമസഭചർച്ചയുംഅഭിപ്രായങ്ങളുംവിശദീകരണവും

**ഗ്രാമസഭചർച്ചഏറ്റെടുത്ത്നംസാരിച്ചത് DRP ചിംനആയിരുന്നു.**

**• തൊഴിൽ കാർഡ്ലഭിക്കുന്നതിന്കുറിച്ച്നടന്ന ചർച്ചയിൽ ആദ്യമായിപഞ്ചായത്തിൽ നിന്നുംഫോട്ടോഎടുക്കാനുള്ളസംവിധാനംചെയ്തിട്ടുണ്ട് എന്നുംപിന്നീട്ടു പുതുക്കാൻ വേണ്ടിസ്വന്തംചിലവിൽ എടുത്തതാണെന്നുംമാറ്റ്പറഞ്ഞു. കാർഡിലേക്കുള്ള ഫോട്ടോ എടുക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് അധികൃതർ ചെയ്തുതരേണ്ടതാണ് എന്ന് ഡി ആർ പി വ്യക്തമാക്കി**

**• ചികിത്സസഹായത്തെകുറിച്ച്നടന്നചർച്ചയിൽ ആർക്കും ഇതുവരെയാതൊരു ആനുകൂല്യങ്ങളും ലഭ്യമായിട്ടില്ലഎന്ന്തൊഴിലാളികൾ പറഞ്ഞു. 2017- 2018 വർഷത്തിൽ ഭൂവസ്ത്രം നിർമ്മാണത്തിന് ഇടയിൽ കാലിന്ബൾബിൽ കഷണം കൊണ്ട്പരിക്കുപറ്റിയ തങ്കമണി (21/ 31) യാതൊരു ചികിത്സാസഹായവും ലഭ്യമായിട്ടില്ല. സൈറ്റ്ഡയറിയിൽ രേഖപ്പെടുത്താത്തതു കൊണ്ടാണ്ചികിത്സാസഹായം ലഭിക്കാത്തതെന്ന്പഞ്ചായത്ത്ഉദ്യോഗസ്ഥർ**

**പറഞ്ഞു. അവർ ജോലിക്കവന്നുകഴിയാവുന്നപ്രവർത്തിചെയ്യാൻ വേണ്ടിപഞ്ചായത്ത് അധികൃതർ  പറഞ്ഞതായിതൊഴിലാളികൾ പറഞ്ഞു.**

- ജൂലായ് 2019 പ്രവർത്തി മഴക്കുഴി നിർമ്മാണം അതിനിടയിൽ കൈ പൊട്ടി പരിക്കുപറ്റിയ രാധ ബാലരാമൻ (23/27) ചികിത്സാ സഹായത്തിനുള്ള ബില്ലുകളും അപേക്ഷയും  നൽകിയിട്ടുണ്ട് സൈറ്റ്  ഡയറിയിൽ രേഖപ്പെടുത്താൻ മറന്നു പോയതിനാൽ A.E.യുടെ മുന്നില് പരിഗണിക്കാൻ ആവശ്യപ്പെട്ടു.
- പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങൾ കുടിവെള്ളം തണൽ **ഫസ്റ്റ്  എയ്ഡ്  ബോക്സ്** ഇവ ആദ്യവർഷങ്ങളിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ അതിനുശേഷം സ്വന്തം ചെലവിലാണ് മരുന്നുകൾ വാങ്ങി സൂക്ഷിക്കുന്നത് എന്ന് . മാറ്റം  തൊഴിലാളികളും വ്യക്തമാക്കി കുടിവെള്ളം  കൊണ്ടുവരാറാണ് പതിവ്. തണൽ സൗകര്യം ലഭിക്കാൻ ടാർപോളിൻ ഷീറ്റ് മുൻവർഷങ്ങളിൽ നൽകിയിരുന്നുവെങ്കിലും ഇപ്പോൾ നൽകാറില്ല. ഞങ്ങൾക്ക് ഇതെല്ലാം
- ആവശ്യമാണെന്ന് പഞ്ചായത്ത് അറിയാമല്ലോ എന്ന തൊഴിലാളികളിൽ ഒരാൾ ചോദിച്ചു. പഞ്ചായത്തിൽ നിന്നും  **FAB** വാങ്ങി തരേണ്ടതും  സുരക്ഷ ഒരുക്കേണ്ടതും അധികൃതരുടെ ഉത്തരവാദിത്വമാണ്.അത്  ലഭിക്കുക എന്നത് തൊഴിലാളികളുടെ അവകാശമാണ് **DRP**  വ്യക്തമാക്കി.
- ഉണ്ടായിരുന്നിട്ടും ഉടമസ്ഥർ ആരും സ്ഥലം അനുവദിക്കുന്നില്ലെന്നും തൊഴിലാളികൾ വ്യക്തമാക്കി
- ഷെൽഫ് ഓഫ് വർക്ക്  നടത്താറുണ്ടെങ്കിലും ആവശ്യമായ പ്രവർത്തി കണ്ടെത്താറില്ല  ഗ്രാമസഭയിൽ എല്ലാവരും പങ്കെടുക്കാറുണ്ട്.തൊഴിൽ  കണ്ടെത്തി കൊടുക്കുന്നത് വാർഡ് മെമ്പർ ആണ്. കൂടുതൽ തൊഴിൽ കണ്ടെത്താൻ കഴിയുമെന്നും അവർ ശ്രമിക്കുന്നില്ല എന്നും മെമ്പർ ആവശ്യപ്പെട്ടു. തൊഴിലാളികളുടെ പ്രവർത്തിയിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും കൊടുക്കാറുണ്ട്  പക്ഷേ തൊഴിലാളികളുടെ അഭിപ്രായം എന്തെന്നാൽ പഞ്ചായത്തിൽ നിന്ന് ഒരു പ്രവർത്തി പറയും തൊഴിലാളികൾ അത് കണ്ടെത്താറാണ് പതിവ്. വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുളം കുഴിക്കാൻ അനുമതി ഉണ്ടായിരുന്നിട്ടും ഭൂവുടമസ്ഥർ ആരും സ്ഥലം അനുവദിക്കുന്നില്ലെന്നും തൊഴിലാളികൾ വ്യക്തമാക്കി.
- കാട് വെട്ടൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ലേ  എന്ന് മോണിറ്ററിംഗ് കമ്മിറ്റി അംഗം അബൂബക്കറിന്റെ  ചോദ്യത്തിന് മറുപടിയായി **DRP** വ്യക്തമാക്കിയത്  തൊഴിലുറപ്പ് പദ്ധതി തൊഴിലിനും വേതനത്തിനും മാത്രമല്ല നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കൂടിയാണ്
- ജോലികൾ തിരഞ്ഞെടുക്കുമ്പോൾ അത് മണ്ണിനും കാലാവസ്ഥയ്ക്കും അനുസൃതമായ ജോലികൾ തിരഞ്ഞെടുക്കണം എന്നും 200ൽ  പരം തൊഴിലുകൾ ചെയ്യാൻ കഴിയുമെന്നും DRP പറഞ്ഞു.
- പരാതികൾ ഉണ്ടായിരുന്നിട്ടും അത് രേഖാമൂലം സമർപ്പിക്കാറില്ലെന്നും   അപേക്ഷ മുഖാന്തരം കൊടുക്കാൻ തയ്യാറാവണമെന്നും ആരും പേടി ക്കേണ്ടതില്ലെന്നും   DRP വ്യക്തമാക്കി.
- ഡിമാൻഡ് ഗ്രൂപ്പ് ആയിട്ട് വെള്ളക്കടലാസിൽ ആണ് കൊടുക്കാറ്. രസീത് കിട്ടാറില്ല. അപേക്ഷിച്ചു തൊഴിൽ കിട്ടാത്ത സമയത്ത് തൊഴിലില്ലാ വേതനം കിട്ടണമെങ്കിൽ രസീത് കൈവശം വെയ്ക്കണമെന്നും അതിനാലാണ്   രസീത് ചോദിച്ചു  വാങ്ങേണ്ട ആവശ്യകതയെന്നും DRP പറഞ്ഞു.

## അക്രെഡിറ്റഡ് എഞ്ചിനീയർ അജിത മറുപടി ചർച്ച നടത്തിയിരുന്നു.

- FAB യുടെ കാര്യത്തിൽ അത് പഞ്ചായത്തിൽ നിന്ന് വിതരണം ചെയ്യാറില്ല പകരം മാറ്റ് FAB വാങ്ങിയശേഷം ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചാൽ അക്കൗണ്ട് വഴി പൈസ അയച്ചു കൊടുക്കാറുണ്ട്. മാറ്റുമാർ അത് ശ്രദ്ധിക്കാറില്ല എന്ന് പറഞ്ഞു.
- ലേബർ ബഡ്ജറ്റ് ഭാഗമായി തൊഴിലാളി ഗ്രാമസഭ ആദ്യം വിളിക്കണം പ്രവർത്തി കണ്ടെത്താൻ ഉത്തരവാദിത്വം തൊഴിലാളികൾക്കാണ് അവർ കണ്ടെത്തുന്ന പ്രവർത്തിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കലും സമിതി അംഗീകരിച്ച പ്രോജക്ട് സെക്രട്ടറി അംഗീകരിചിട്ട് അവരെ അസ്സിസ്റ്റ് ചെയ്യലുമാണ്. തരിശു ഭൂമി കൃഷിയോഗ്യമാക്കാമെന്നും സെർട്ടിഫൈഡ് ആണെന്ന് കാണിച്ചാൽ തൊഴിലുറപ്പ് അനുവദിക്കാമെന്ന് വ്യക്തമാക്കി.
- ഫോട്ടോ എടുക്കാനുള്ള ഫണ്ടും സെക്രട്ടറിയുടെയും ഭരണസമിതിയുടേയും അനുവാദവും തീരുമാനവും ഉണ്ടെങ്കിൽ ഫോട്ടോയെടുക്കൽ അനുവദനീയമാണെന്ന് വ്യക്തമാക്കി.
- തൊഴിലാളികൾ സമയനിഷ്ഠ പാലിക്കണം എന്നും ചെയ്യുന്ന പ്രവർത്തിയുടെ അളവും ഗുണനിലവാരവും മെച്ചപ്പെടുത്തണമെന്ന് പറഞ്ഞു. പറയുന്ന അളവ് പ്രകാരമുള്ള പ്രവർത്തി ചെയ്താൽ 271 രൂപ ലഭിക്കുകയുള്ളൂ. ഉദ്യോഗസ്ഥർ സ്ട്രിക്ട് ആകാത്തത് കൊണ്ടാണ് 271 രൂപ തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്ന് അവകാശങ്ങളെക്കുറിച്ച് വി ആർ പിമാർ ബോധവൽക്കരിച്ച് തൊഴിലാളികൾ സമയവും അളവ് പ്രകാരമുള്ള പ്രവർത്തിയും ചെയ്യണം എന്ന് വ്യക്തമാക്കി പറഞ്ഞു.
- മാറ്റ് എന്ന വ്യക്തിയുടെ കാലാവധി 14 ദിവസം ആയതിനാൽ അവരെ മാറ്റിനിർത്തി പകരം മാറ്റിനെ തിരഞ്ഞെടുക്കാൻ തൊഴിലാളികൾ ശ്രമിക്കണം.
- ഡിമാൻഡ് കൊടുക്കൽ മാറ്റിന് മാത്രം ആവശ്യമല്ല തൊഴിലാളികൾ മുഴുവൻ പേരും തൊഴിൽ കണ്ടെത്തണമെന്നും തൊഴിലാളികൾ കാരണം പ്രവർത്തി വൈകിയാൽ തൊഴിലില്ലായ്മ വേതനം അപേക്ഷ തരുന്നത് തൊഴിലാളികൾ ആലോചിക്കേണ്ടതാണ് എന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി
- ആരോഗ്യ കേന്ദ്രത്തിൽ നിന്നും കിട്ടിയ മരുന്ന് കഴിക്കരുത് എന്നും പ്രായമുള്ള ആളുകൾ ആയതിനാൽ പല അസുഖങ്ങളും വരാമെന്നും തൊലിപ്പുറത് പുരട്ടുന്നത് മാത്രം ഉപയോഗിച്ചാൽ മതിയെന്നും പറഞ്ഞു.
- നിയമങ്ങൾ എല്ലാവർക്കും പറയാമെന്നും എസ്റ്റിമേറ്റ് പ്രകാരം തൊഴിലാളികൾ ക്വാണ്ടിറ്റി ഓഫ് വർക്ക് ചെയ്യണമെന്നും ഓവർസിയർ വരാത്ത പക്ഷം അളവുകൾ മാറ്റിനെ കൊണ്ട് ചെയ്യിക്കാറുണ്ട്. മാസ്റ്റർ റോളിന്റെ വേരിയേഷൻ അനുസരിച്ച് മാറ്റിനെ കൊണ്ട് അതിൽ തിരുത്തരാണെന്നും വ്യക്തമാക്കി.
- ചികിത്സാ സഹായം ലഭിക്കുന്നതിന് ഒരുപാട് പ്രൊസീജർ ഉണ്ട് എന്നാൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ അതായത് അപകട ദിവസത്തെ ഡോക്ടർ പെയ്മെന്റ് ബില്ല്, മരുന്ന് ബില്ല്, അഡ്മിറ്റ് കാർഡ്, ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വണ്ടിയുടെ ട്രിപ്പ് ഷീറ്റ് എന്നിവയെല്ലാം പഞ്ചായത്ത് ഉദ്യോഗസ്ഥരെ ഏൽപ്പിക്കണം എന്നാലും ഹോസ്പിറ്റലിൽ കിടന്ന മാസ്റ്റർ റോൾ തീരുന്നത് വരെയുള്ള പകുതി വേതനം മാത്രമേ ലഭിക്കുകയുള്ളൂ എന്ന് വ്യക്തമാക്കി.
- ഇത് പദ്ധതിയുടെ പോരായ്മയായി മെമ്പർ ചൂണ്ടിക്കാട്ടി.
- തൊഴിലിന് അപേക്ഷ കൊടുത്താൽ രസീത് കൈപ്പറ്റുന്ന സംവിധാനം നിലവിൽ ഇല്ലെന്നും അത് സെക്രട്ടറിയോട് ചോദിച്ചു അനുമതി വാങ്ങണം, തൊഴിലാളികളുടെ കാര്യം അവർ തന്നെ ചോദിക്കട്ടെ എന്നും AE ബാധ്യസ്ഥ അല്ലെന്നും AE വ്യക്തമാക്കി. ഒരു പഞ്ചായത്തിലും ഡിമാൻഡ് രസീത് ചെയ്യുന്നില്ലെന്നും അവർക്ക് അതിനെക്കുറിച്ച് അറിവില്ല എന്നും പറഞ്ഞു. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആയതിനാൽ നിങ്ങൾ അതിന് ബാധ്യസ്ഥരാണെന്ന് ഡി ആർ പി വ്യക്തമാക്കി.

ഇതിന് മറുപടിയായി AE ഒന്നും പറഞ്ഞിരുന്നില്ല. ADEO സെക്രട്ടറിയോട് സംസാരിക്കാമെന്ന് പറഞ്ഞു.

- തൊഴിലാളി കയ്യടിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ റിപ്പോർട്ട് പാസാക്കി.
- നാലുമണിയോടെ ചർച്ച അവസാനിച്ചു മാറ്റ് ശ്രീമതി സുമതി നന്ദിപറഞ്ഞുകൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ പിരിച്ചു വിട്ടു.

**ഫോട്ടോസ്**







**പ്രേമരാജന്റെ പറമ്പിലെ മൺവരമ്പ് കാട് മൂടിയ നിലയിൽ**

**പ്രേമലത കുന്നുമ്മൽ പറമ്പ് കല്ല് കയ്യാല**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**




